compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ഫെബ്രുവരി 17
Tuesday, 17th February 2026

1201 കുംഭം 5
5th Kumbham 1201

1947 മാഘം 28
28th Magha 1947

വാല്യം 15
Vol. XV

നമ്പർ 7
No.

Part III

Co-Operation Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

[ഹാജർ : ശ്രീ. സുരേന്ദ്രൻ ചെമ്പ്ര, ജോയിന്റ് രജിസ്ട്രാർ (ജനറൽ)]

നമ്പർ JRMPM/561/2025-HMC1. 2026 ജനുവരി 30.

വിഷയം :—സഹകരണ വകുപ്പ്—പുല്ലങ്കോട് സഹകരണ സ്റ്റോർ ക്ലിപ്തം നമ്പർ എഫ്. 1544 സംഘം പ്രവർത്തനം സമാപ്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

പരാമർശം :—(1) നിലമ്പൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) 25-8-2025 തീയതിയിലെ ARGNBR/78/2025/OI നമ്പർ ഉത്തരവ്.

(2) പരിശോധനാ ഉദ്യോഗസ്ഥൻ സമർപ്പിച്ച 3-11-2025 തീയതിയിലെ പരിശോധന റിപ്പോർട്ടും, നിലമ്പൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 14-11-2025 തീയതിയിലെ ARGNBR/1043/2025-OI നമ്പർ കത്തും.

(3) ഈ കാര്യാലയത്തിലെ 25-11-2025 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്.

ജില്ലയിലെ പ്രവർത്തന രഹിതമായ സംഘങ്ങളിൽ പുനരുജ്ജീവിപ്പിക്കുന്നതിന് സാധ്യമല്ലാത്തവയെ സമാപ്തീകരിക്കുവാനുള്ള ജോയിന്റ് രജിസ്ട്രാറുടെ 6-1-2023 തീയതിയിലെ അവലോകന യോഗത്തിലെ നിർദ്ദേശ പ്രകാരം പുല്ലങ്കോട് സഹകരണ സ്റ്റോർ ക്ലിപ്തം നമ്പർ എഫ്. 1544-ന്റെ പ്രവർത്തനം സംബന്ധിച്ച് പരാമർശം (1) പ്രകാരം ഉത്തരവായ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരമുള്ള പരിശോധന പൂർത്തിയാക്കി പരാമർശം (2) പ്രകാരം പരിശോധന റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിൽ കാളികാവ് പഞ്ചായത്തിൽ പുല്ലങ്കോട് ആസ്ഥാനമാക്കി 26-1-1951-ൽ രജിസ്റ്റർ ചെയ്യുകയും 19-5-1951-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത സംഘത്തിന്റെ പ്രവർത്തനപരിധി കാളികാവ്, ചോക്കാട് പഞ്ചായത്തുകളാണ്. സംഘം സർക്കിൾ സഹകരണ യൂണിയനിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. അഫിലിയേഷൻ ഫീ ഇനത്തിൽ 2019-2020 വരെ 1,550 രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട്.

സംഘത്തിന്റെ 31-3-2020-ന് പിരിഞ്ഞ് കിട്ടിയ ആകെ മുലധനം 1446 എ ക്ലാസ്സ് ഓഹരി ഇനത്തിൽ 47,760 രൂപയാണ്. 2019-2020 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം സംഘത്തിന് സർക്കാരിലേക്ക് അടവാക്കാൻ ബാദ്ധ്യതകൾ ഒന്നും തന്നെ ഇല്ല. മറ്റ് ഫണ്ടുകൾ, കരുതലുകൾ എന്നീ ഇനങ്ങളിൽ 59,97,758.79 രൂപയും പലിശയിനത്തിൽ കൊടുക്കേണ്ടവ 1,01,772.25 രൂപയും വിദ്യാഭ്യാസ ഫണ്ട് ഇനത്തിൽ 48,370 രൂപയും പ്രൊഫഷണൽ വിദ്യാഭ്യാസ ഫണ്ട് ഇനത്തിൽ 86,370 രൂപയും മെംബേർസ് റീലിഫ് ഫണ്ട് ഇനത്തിൽ 1,17,662 രൂപയും മറ്റ് ബാദ്ധ്യതയിൽ സ്റ്റാഫ് പ്രോവിഡന്റ് ഫണ്ട് ഡെപ്പോസിറ്റ് ഇനത്തിൽ 4,90,734.78 രൂപയും സ്റ്റാഫ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ 1,250 രൂപയും Unclaimed dividend ഇനത്തിൽ 800.79 രൂപയും സിൽബന്ധി ചെലവും തൻചെലവും ഇനത്തിൽ 49,550 രൂപയും, സംഘം നല്കാനുള്ളവ (Due by) ഇനത്തിൽ 66,74,506.71 രൂപയും, മൂന്നാണ്ടുകളിലെ വീതിക്കാത്ത ലാഭം 10,10,125.92 രൂപയും ബാധ്യതയായുണ്ട്.

31-3-2020-ന് ബാങ്കിൽ 9,978.30 രൂപയും കൈവശം 3,621 രൂപയും ബാലൻസ് ഉണ്ട്. ഇൻവെസറ്റ്മെൻറ് ഔട്ട് ഓഫ് ജനറൽ ഫണ്ട് ഇനത്തിൽ 7,150 രൂപയും മറ്റ് നിക്ഷേപം ഇനത്തിൽ 43,761.02 രൂപയും പലിശ കിട്ടാനുള്ള വകയിൽ 1,025 രൂപയും other assets ഇനത്തിൽ 37.54 രൂപയും movables ഇനത്തിൽ 5,69,627.31 രൂപയും doubtful assets ഇനത്തിൽ 25 രൂപയും, building ഇനത്തിൽ 8,564.75 രൂപയും stock in trade ഇനത്തിൽ 32,66,198 രൂപയും ഡെഫിസിറ്റ് സ്റ്റോക്ക് ഇനത്തിൽ 1,47,924.62 രൂപയും, ഡാമേജ് സ്റ്റോക്ക് ഇനത്തിൽ 4,82,097.88 രൂപയും, dead stock ഇനത്തിൽ 1,981.07 രൂപയും അനാമത്ത് കിട്ടാനുള്ളവ (due to) ഇനത്തിൽ 71,14,842.84 രൂപയുമുണ്ട്. അറ്റനഷ്ടം 58,85,460.96 രൂപയാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സംഘത്തിന്റെ നിയമാവലി പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഈ കാര്യാലയത്തിലെ 4-8-2023-ലെ JRMPM/1877/2023-HMC1 നമ്പർ ഉത്തരവ് പ്രകാരം മൂന്ന് അംഗങ്ങളെ സഹകരണനിയമം വകുപ്പ് 33(1) പ്രകാരം അഡ്മിനിസ്ട്രേറ്റിവ് കമ്മിറ്റി ആയി നിയോഗിച്ചിരുന്നു. ആയതിന്റെ കാലാവധി 3-2-2024 വരെ ഉണ്ടായിരുന്നു. 26-1-1951-ൽ രജിസ്റ്റർ ചെയ്യുകയും 19-5-1951-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത സംഘത്തിന്റെ പ്രവർത്തനം നിലച്ച അവസ്ഥയിലാണ്. 47,760 രൂപയാണ് സംഘത്തിന് ഓഹരി ഇനത്തിൽ സമാഹരിക്കാൻ കഴിഞ്ഞത്. 31-3-2020-ന് 58,85,460.96 രൂപ അറ്റനഷ്ടവും പ്രവർത്തന മൂലധനം 29,00,671.40 രൂപയുമാണ്.

സംഘത്തിന്റെ പ്രവർത്തനത്തിൽ യാതൊരു താല്പര്യവും ദീർഘവീക്ഷണവുമില്ലാത്തതായ ഭരണസമിതികളാണ് സംഘത്തിന്റെ പ്രവർത്തനം നിയന്ത്രിച്ചിരുന്നതെന്ന് വിലയിരുത്തുന്നു. ഹാജരായ മുൻ അഡ്മിനിസ്ട്രേറ്റിവ് കമ്മിറ്റി അംഗങ്ങളുടെ മൊഴി പ്രകാരം സംഘം പുനരുജ്ജീവിപ്പിക്കാൻ തയ്യാറാണെന്ന് അറിയിച്ചെങ്കിലും നാളിതുവരെയുള്ള സംഘത്തിന്റെ പ്രവർത്തനവും ഭരണ സമിതി അംഗങ്ങളുടെ പ്രവർത്തനവും കണക്കാക്കി സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിനോ പുതിയ ഭരണ സമിതിയെ തെരഞ്ഞെടുക്കാനോ യാതൊരു സാധ്യതയും കാണുന്നില്ല.

സംഘത്തിന്റെ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ സംഘത്തിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനോ പുനരുജ്ജീവിപ്പിക്കുന്നതിനോ യാതൊരു വിധ സാധ്യതയും കാണാത്ത സാഹചര്യത്തിൽ ക്ലിപ്തം നമ്പർ എഫ്. 1544 പുല്ലങ്കോട് സഹകരണ പ്രവർത്തനം സമാപ്തീകരിക്കുവാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളാവുന്നതാണെന്ന് പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

സംഘത്തിന്റെ കൃത്യമായ റിക്കാർഡുകൾ ലഭ്യമല്ലാത്തതിനാലും പ്രവർത്തന സാധ്യത ഇല്ലാത്തതിനാലും സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതായിരിക്കും ഉചിതമായ നടപടിയെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ സംഘം പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 പ്രകാരം നിർത്തൽ ചെയ്യുന്നതിന് മുന്നോടിയായി സ്പെഷ്യൽ ഓഫീസർ, കേരള ബാങ്ക് (പാലക്കാട് റീജിയണൽ), സർക്കിൾ സഹകരണ യൂണിയൻ എന്നിവരുടെ അഭിപ്രായം ആരാഞ്ഞു കൊണ്ട് പരാമർശം (3) പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ നിശ്ചിത സമയത്തിനകം ആരും തന്നെ നിവേദനമോ, അഭിപ്രായമോ ബോധിപ്പിക്കുകയുണ്ടായില്ല.

മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 (1) പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് പുല്ലങ്കോട് സഹകരണ സ്റ്റോർ ക്ലിപ്തം നമ്പർ എഫ്. 1544-ന്റെ പ്രവർത്തനം സമാപ്തീകരിച്ച് കൊണ്ടും, വകുപ്പ് 72 (1) പ്രകാരം നിലമ്പൂർ അസിസ്റ്റന്റ് റ് രജിസ്ട്രാർ ഓഫീസിലെ നിലമ്പൂർ യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ ഉടൻ തന്നെ സംഘത്തിന്റെ ചാർജ്ജ് ഏറ്റെടുക്കേണ്ടതും, ചാർജ്ജെടുത്ത തീയതിയിലെ ബാക്കി പത്രം, ലഭ്യമായ ആഡിറ്റ് റിപ്പോർട്ട്, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതും, സഹകരണ സംഘം നിയമം, ചട്ടം, രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവക്ക് വിധേയമായി ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതും ചട്ടം 69(4) പ്രകാരമുള്ള ത്രൈമാസ പുരോഗതി റിപ്പോർട്ട് യഥാസമയം ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, മലപ്പുറം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മലപ്പുറം ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

[ഹാജർ : ശ്രീ. സുരേന്ദ്രൻ ചെമ്പ്ര, ജോയിന്റ് രജിസ്ട്രാർ (ജനറൽ)]

നമ്പർ JRMPM/1846/2025-HMC1. 2026 ജനുവരി 29.

വിഷയം :—അയിലക്കാട് കോൾ കൾട്ടിവേഷൻ സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 14—സംഘം പ്രവർത്തനം സമാപ്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

പരാമർശം :—(1) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), പൊന്നാനിയുടെ 7-3-2025-ലെ ARGPNI/111/2025/O1 നമ്പർ ഉത്തരവ്.

(2) പരിശോധന ഉദ്യോഗസ്ഥൻ സമർപ്പിച്ച 6-5-2025-ലെ റിപ്പോർട്ടും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) പൊന്നാനിയുടെ 28-5-2025-ലെ ARGPNI/111/2025/O1 നമ്പർ കത്തും.

(3) ഈ കാര്യാലയത്തിലെ 5-10-2025 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്.

ജില്ലയിലെ പ്രവർത്തന രഹിതമായ സംഘങ്ങളിൽ പുനരുജ്ജീവിപ്പിക്കുന്നതിന് സാധ്യമല്ലാത്തവയെ സമാപ്തീകരിക്കുവാനുള്ള ജോയിന്റ് രജിസ്ട്രാറുടെ 6-1-2023 തീയതിയിലെ അവലോകന യോഗത്തിലെ നിർദ്ദേശപ്രകാരം അയിലക്കാട് കോൾ കൾട്ടിവേഷൻ സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 14-ന്റെ പ്രവർത്തനം സംബന്ധിച്ച് പരാമർശം (1) പ്രകാരം ഉത്തരവായ 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരമുള്ള പരിശോധന പൂർത്തിയാക്കി പരാമർശം (2) പ്രകാരം പരിശോധന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

പൊന്നാനി താലൂക്ക് പ്രവർത്തന പരിധിയായി 1-1-1974-ന് രജിസ്റ്റർ ചെയ്യപ്പെടുകയും 26-1-1974-ന് പ്രഥമ പൊതുയോഗം ചേർന്ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്ത അയിലക്കാട് കോൾ കൾട്ടിവേഷൻ സഹകരണ സംഘം ക്ലിപ്തം നമ്പർ എം 14-ന്റെ 2023-24 വർഷം വരെയുള്ള ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 2,140 രൂപയും പ്രവർത്തന മൂലധനം 2,140 രൂപയും അറ്റനഷ്ടം 13,09,078.23 രൂപയുമാണ്. സംഘത്തിന്റെ പേരിൽ 203 രൂപ അഡ്മിനിസ്ട്രേറ്ററുടെ കൈവശവും കേരള ബാങ്കിന്റെ പൊന്നാനി ശാഖയിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ (DEAF A/C) 15,772.76 രൂപയും 31-3-2025 തീയതിയിൽ ബാക്കിനിൽപ്പുണ്ട്.

സംഘത്തിന് നിലവിൽ ഓഫീസ് ഇല്ല. സംഘത്തിലെ അംഗങ്ങളുടെ ക്ഷേമ പ്രവർത്തനം എന്ന ഉദ്ദേശത്തോടുകൂടിയാണ് സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചത്. 2010-11 വർഷം വരെ സംഘം പ്രവർത്തിച്ചിട്ടുണ്ട്. എന്നാൽ പിന്നീട് സംഘത്തിൽ യാതൊരു പ്രവർത്തനവും നടന്നിട്ടില്ല. 28-6-2008-ന് തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ കാലാവധി 3-7-2013-ന് അവസാനിച്ചതിനാൽ സംഘത്തിൽ ഭരണസമിതി നിലവിലില്ല. 17-9-2010 തീയതിക്കുശേഷം സംഘത്തിൽ ഭരണസമിതി യോഗം ചേർന്നിട്ടില്ല. സംഘത്തിൽ ജീവനക്കാർ ആരും തന്നെ ഇല്ല.

സംഘത്തിന്റെ മുൻഭരണസമിതി അംഗങ്ങളെയും മറ്റു അംഗങ്ങളെയും നേരിൽ കണ്ട് മൊഴിയെടുക്കുന്നതിന് ശ്രമിച്ചുവെങ്കിലും സാധിച്ചില്ലെന്നും കത്തയച്ചു വിളിപ്പിച്ചെങ്കിലും ആരും തന്നെ ഹാജരായിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ സാഹചര്യങ്ങൾ മൊത്തത്തിൽ വിലയിരുത്തുകയും സംഘത്തിന്റെ ലഭ്യമായ രേഖകൾ പരിശോധിക്കുകയും പ്രവർത്തനം സംബന്ധിച്ച് പരിശോധിക്കുകയും ചെയ്തതിന്റെ വെളിച്ചത്തിൽ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുവാനുള്ള സാഹചര്യം അല്ല ഉള്ളത് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. സംഘത്തിൽ കാര്യക്ഷമമായ ഒരു പ്രവർത്തന സാധ്യതയും കാണാത്തതിനാൽ സംഘം സമാപ്തീകരിക്കുന്നതിനു വേണ്ടി പരാമർശം (2) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സംഘത്തിന്റെ കൃത്യമായ റിക്കാർഡുകൾ ലഭ്യമല്ലാത്തതിനാലും പ്രവർത്തന സാധ്യത ഇല്ലാത്തതിനാലും സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതായിരിക്കും ഉചിതമായ നടപടിയെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ സംഘം പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 പ്രകാരം നിർത്തൽ ചെയ്യുന്നതിന് മുന്നോടിയായി സ്പെഷ്യൽ ഓഫീസർ, കേരള ബാങ്ക് (പാലക്കാട് റീജിയണൽ), സർക്കിൾ സഹകരണ യൂണിയൻ എന്നിവരുടെ അഭിപ്രായം ആരാഞ്ഞു കൊണ്ട് പരാമർശം (3) പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ നിശ്ചിത സമയത്തിനകം ആരും തന്നെ നിവേദനമോ, അഭിപ്രായമോ ബോധിപ്പിക്കുകയുണ്ടായില്ല.

മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 (1) പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് അയിലക്കാട് കോൾ കൾട്ടിവേഷൻ സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 14-ന്റെ പ്രവർത്തനം സമാപ്തീകരിച്ച് കൊണ്ടും, വകുപ്പ് 72(1) പ്രകാരം പൊന്നാനി അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ പൊന്നാനി യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ ഉടൻ തന്നെ സംഘത്തിന്റെ ചാർജ്ജ് ഏറ്റെടുക്കേണ്ടതും, ചാർജെടുത്ത തീയതിയിലെ ബാക്കിപത്രം, ലഭ്യമായ ആഡിറ്റ് റിപ്പോർട്ട്, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജെടുത്ത വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതും, സഹകരണ സംഘം നിയമം, ചട്ടം, രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിധേയമായി ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതും ചട്ടം 69(4) പ്രകാരമുള്ള ത്രൈമാസ പുരോഗതി റിപ്പോർട്ട് യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ
(ജനറൽ)-ടെ കാര്യാലയം,
മലപ്പുറം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

[കേരള സഹകരണ സംഘം നിയമം ചട്ടം 69(2) പ്രകാരം]

നമ്പർ ARGKDY/436/2025-UI(1). 2026 ജനുവരി 14.

മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ജനറലിന്റെ 25-9-2025-ലെ JRMPM/2266/2025-HMC1 നമ്പർ ഉത്തരവ് പ്രകാരം ക്ലിപ്തം നമ്പർ എം 741 മോങ്ങം എഡ്യൂക്കേഷണൽ സഹകരണ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ നടത്തുന്നതിനായി കൊണ്ടോട്ടി സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ കൊണ്ടോട്ടി യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. ടി സംഘത്തിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും തുക ലഭിക്കുവാനുണ്ടെങ്കിൽ ടി വിവരം ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തീയതി മുതൽ 60 ദിവസത്തിനുള്ളിൽ നേരിട്ടോ ചുമതലപ്പെടുത്തുന്ന ഏജന്റ് മുഖാന്തിരമോ അറിയിക്കേണ്ടതാണെന്നും ടി സംഘത്തിലേക്ക് എന്തെങ്കിലും ഇനത്തിൽ അടവാക്കുവാനുണ്ടെങ്കിൽ അടക്കാനുള്ള തുക ഒരു മാസത്തിനകം നേരിട്ട് അടച്ച് രസീതി വാങ്ങേണ്ടതുമാണെന്നും ഇതിനാൽ പൊതുജനങ്ങളെയും സംഘാംഗങ്ങളെയും അറിയിച്ചുകൊള്ളുന്നു.

സംഘത്തിന്റെ എല്ലാ ആസ്തി ബാധ്യതകളും ഈ ക്ലെയിം നോട്ടീസ് പ്രകാരം ലിക്വിഡേറ്റർ എന്ന നിലയിൽ എന്നിൽ നിക്ഷിപ്തമായിരിക്കുന്നതും സംഘത്തിന്റെ ഏതൊരു ആസ്തിയും മേലിൽ മറ്റാരും കൈകാര്യം ചെയ്യാൻ പാടില്ലാത്തതും ആരുടെയെങ്കിലും കൈവശം സംഘം ആസ്തികൾ നിലവിലുണ്ടെങ്കിൽ ആയത് ഉടൻതന്നെ ലിക്വിഡേറ്റർക്ക് കൈമാറേണ്ടതുമാണെന്ന വിവരം ഏവരേയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

സഹകരണ സംഘം അസിസ്റ്റന്റ്
രജിസ്ട്രാർ(ജനറൽ)ആഫീസ്,
കൊണ്ടോട്ടി.

(ഒപ്പ്)
ലിക്വിഡേറ്റർ/യൂണിറ്റ് ഇൻസ്പെക്ടർ, കൊണ്ടോട്ടി യൂണിറ്റ്
മോങ്ങം എഡ്യൂക്കേഷണൽ സഹകരസംഘം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മലപ്പുറം ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

[ഹാജർ : ശ്രീ. സുരേന്ദ്രൻ ചെമ്പ്ര, ജോയിന്റ് രജിസ്ട്രാർ (ജനറൽ)]

നമ്പർ JRMPM/2357/2025-HMC1. 2026 ജനുവരി 29.

വിഷയം :—മുല്ലമ്മാട് കോൾ കൾട്ടിവേഷൻ സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 27—സംഘം പ്രവർത്തനം സമാപ്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

പരാമർശം :—(1) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), പൊന്നാനിയുടെ 7-3-2025-ലെ ARGPNI /112/2025-OI നമ്പർ ഉത്തരവ്.

(2) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) പൊന്നാനിയുടെ 19-6-2025-ലെ ARGPNI /112/2025-OI നമ്പർ കത്തും പരിശോധന ഉദ്യോഗസ്ഥന്റ 6-5-2025 തീയതിയിലെ റിപ്പോർട്ടും.

(3) ഈ കാര്യാലയത്തിലെ 5-10-2025 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്.

ജില്ലയിലെ പ്രവർത്തന രഹിതമായ സംഘങ്ങളിൽ പുനരുജ്ജീവിപ്പിക്കുന്നതിന് സാധ്യമല്ലാത്തവയെ സമാപ്തീകരിക്കുവാനുള്ള ജോയിന്റ് രജിസ്ട്രാറുടെ 6-1-2023 തീയതിയിലെ അവലോകന യോഗത്തിലെ നിർദ്ദേശ പ്രകാരം മുല്ലമ്മാട് കോൾ കൾട്ടിവേഷൻ സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 27-ന്റെ പ്രവർത്തനം സംബന്ധിച്ച് 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരമുള്ള പരിശോധന നടത്തുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവാകുകയും പ്രസ്തുത പരിശോധന പൂർത്തിയാക്കി പരാമർശം (2) പ്രകാരം പരിശോധന റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി.

പൊന്നാനി താലൂക്ക് പ്രവർത്തന പരിധിയായി 19-2-1974-ന് രജിസ്റ്റർ ചെയ്യപ്പെടുകയും 3-3-1974-ന് പ്രഥമ പൊതുയോഗം ചേർന്ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്ത മുല്ലമ്മാട് കോൾ കൾട്ടിവേഷൻ സഹകരണസംഘം ക്ലിപ്തം നമ്പർ എം. 27-ന്റെ 2023-24 വർഷം വരെയുള്ള ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 8,950 രൂപയും പ്രവർത്തന മൂലധനം 10794.30 രൂപയും അറ്റനഷ്ടം 6,71,356.62 രൂപയുമാണ്. സംഘത്തിന്റെ പേരിൽ കേരള ബാങ്കിന്റെ മാറഞ്ചേരി ശാഖയിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ 3,763.60 രൂപ 31-3-2005 തീയതിയിൽ ബാക്കിനിൽപ്പുണ്ട്.

സംഘത്തിന് നിലവിൽ ഓഫീസ് ഇല്ല. സംഘത്തിലെ അംഗങ്ങളുടെ ക്ഷേമ പ്രവർത്തനം എന്ന ഉദ്ദേശത്തോടു കൂടിയാണ് സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചത്. 2013-14 വർഷം വരെ സംഘം പ്രവർത്തിച്ചിട്ടുണ്ട്. എന്നാൽ പിന്നീട് സംഘത്തിൽ യാതൊരു പ്രവർത്തനവും നടന്നിട്ടില്ല. 25-7-2010-ന് തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ കാലാവധി 26-7-2015-ന് അവസാനിച്ചതിനാൽ സംഘത്തിൽ ഭരണസമിതി നിലവിലില്ല. 21-9-2013 തീയതിക്കുശേഷം സംഘത്തിൽ ഭരണസമിതി യോഗം ചേർന്നിട്ടില്ല. സംഘത്തിൽ ജീവനക്കാർ ആരും തന്നെ ഇല്ല.

സംഘത്തിന്റെ മുൻഭരണസമിതി അംഗങ്ങളെയും മറ്റു അംഗങ്ങളെയും നേരിൽ കണ്ട് മൊഴിയെടുക്കുന്നതിന് ശ്രമിച്ചുവെങ്കിലും സാധിച്ചില്ലെന്നും കത്തയച്ചു വിളിപ്പിച്ചെങ്കിലും ആരും തന്നെ ഹാജരായിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ സാഹചര്യങ്ങൾ മൊത്തത്തിൽ വിലയിരുത്തുകയും സംഘത്തിന്റെ ലഭ്യമായ രേഖകൾ പരിശോധിക്കുകയും പ്രവർത്തനം സംബന്ധിച്ച് പരിശോധിക്കുകയും ചെയ്തതിന്റെ വെളിച്ചത്തിൽ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുവാനുള്ള സാഹചര്യം ഇല്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. സംഘത്തിൽ കാര്യക്ഷമമായ ഒരു പ്രവർത്തന സാധ്യതയും കാണാത്തതിനാൽ സംഘം ലിക്വിഡേഷനുവേണ്ടി പരാമർശം (2) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സംഘത്തിന്റെ കൃത്യമായ റിക്കാർഡുകൾ ലഭ്യമല്ലാത്തതിനാലും പ്രവർത്തന സാധ്യത ഇല്ലാത്തതിനാലും സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതായിരിക്കും ഉചിതമായ നടപടിയെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ സംഘം പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 പ്രകാരം നിർത്തൽ ചെയ്യുന്നതിന് മുന്നോടിയായി സ്പെഷ്യൽ ഓഫീസർ, കേരള ബാങ്ക് (പാലക്കാട് റീജിയണൽ), സർക്കിൾ സഹകരണ യൂണിയൻ എന്നിവരുടെ അഭിപ്രായം ആരാഞ്ഞു കൊണ്ട് പരാമർശം (3) പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ നിശ്ചിത സമയത്തിനകം ആരും തന്നെ നിവേദനമോ, അഭിപ്രായമോ ബോധിപ്പിക്കുകയുണ്ടായില്ല.

മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 (1) പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് മുല്ലമ്മാട് കോൾ കൾട്ടിവേഷൻ സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 27-ന്റെ പ്രവർത്തനം സമാപ്തീകരിച്ച് കൊണ്ടും, വകുപ്പ് 72(1) പ്രകാരം പൊന്നാനി അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ അണ്ടത്തോട് യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ ഉടൻ തന്നെ സംഘത്തിന്റെ ചാർജ്ജ് ഏറ്റെടുക്കേണ്ടതും, ചാർജ്ജെടുത്ത തീയതിയിലെ ബാക്കിപത്രം, ലഭ്യമായ ആഡിറ്റ് റിപ്പോർട്ട്, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതും, സഹകരണ സംഘം നിയമം, ചട്ടം, രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിധേയമായി ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതും ചട്ടം 69(4) പ്രകാരമുള്ള ത്രൈമാസ പുരോഗതി റിപ്പോർട്ട് യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ
(ജനറൽ)-ടെ കാര്യാലയം,
മലപ്പുറം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

കേരള സഹകരണ സംഘം നിയമം ചട്ടം 69(2) പ്രകാരം

നമ്പർ ARGKDY/368/2025-UI(1). 2026 ജനുവരി 14.

മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ജനറലിന്റെ 17-7-2025-ലെ JRMPM/437/2025-HMC1 നമ്പർ ഉത്തരവ് പ്രകാരം ക്ലിപ്തം നമ്പർ എം 709 ചെറുകാവ് സഹകരണ ഹോസ്പിറ്റലിൽ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ നടത്തുന്നതിനായി കൊണ്ടോട്ടി സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ കൊണ്ടോട്ടി യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. ടി സംഘത്തിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും തുക ലഭിക്കുവാനുണ്ടെങ്കിൽ ടി വിവരം ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തീയതി മുതൽ 60 ദിവസത്തിനുള്ളിൽ നേരിട്ടോ ചുമതലപ്പെടുത്തുന്ന ഏജന്റ് മുഖാന്തിരമോ അറിയിക്കേണ്ടതാണെന്നും ടി സംഘത്തിലേക്ക് എന്തെങ്കിലും ഇനത്തിൽ അടവാക്കുവാനുണ്ടങ്കിൽ അടക്കാനുള്ള തുക ഒരു മാസത്തിനകം നേരിട്ട് അടച്ച് രസീതി വാങ്ങേണ്ടതുമാണെന്നും ഇതിനാൽ പൊതുജനങ്ങളെയും സംഘാംഗങ്ങളെയും അറിയിച്ചുകൊള്ളുന്നു.

സംഘത്തിന്റെ എല്ലാ ആസ്തി ബാധ്യതകളും ഈ ക്ലെയിം നോട്ടീസ് പ്രകാരം ലിക്വിഡേറ്റർ എന്ന നിലയിൽ എന്നിൽ നിക്ഷിപ്തമായിരിക്കുന്നതും സംഘത്തിന്റെ ഏതൊരു ആസ്തിയും മേലിൽ മറ്റാരും കൈകാര്യം ചെയ്യാൻ പാടില്ലാത്തതും ആരുടെയെങ്കിലും കൈവശം സംഘം ആസ്തികൾ നിലവിലുണ്ടെങ്കിൽ ആയത് ഉടൻതന്നെ ലിക്വിഡേറ്റർക്ക് കൈമാറേണ്ടതുമാണെന്ന വിവരം ഏവരേയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)
ലിക്വിഡേറ്റർ/യൂണിറ്റ് ഇൻസ്പെക്ടർ,
കൊണ്ടോട്ടി യൂണിറ്റ് ചെറുകാവ്
സഹകരണ ഹോസ്പിറ്റൽ സംഘം.

സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ
(ജനറൽ) ഓഫീസ്, കൊണ്ടോട്ടി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കാസറഗോഡ് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(1)

നമ്പർ ഒ.1341/2024. 2026 ജനുവരി 15.

വിഷയം:—നമ്പർ എസ്. 245 തൃക്കരിപ്പൂർ വനിത സഹകരണസംഘം ക്ലിപ്തം—സമാപ്തീകരണം—ലികിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) കേരള സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം നിയമിതനായ അന്വേഷണ ഉദ്യോഗസ്ഥനായ ഹോസ്ദുർഗ്ഗ് സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ തൃക്കരിപ്പൂർ യൂണിറ്റ് ഇൻസ്പെക്ടറുടെ 5-5-2023-ലെ ARHSD/215/2023/UI-1 നമ്പർ അന്വേഷണ റിപ്പോർട്ട്.

(2) ഈ ഓഫീസിലെ 3-5-2025-ലെ ഇതേ നമ്പർ നോട്ടീസ്.

(3) സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), ഹോസ്ദുർഗ്ഗിന്റെ 25-11-2024-ലെ ARHSD/215/2023/UI-1 നമ്പർ കത്ത്.

നമ്പർ എസ്. 245 തൃക്കരിപ്പൂർ വനിത സഹകരണ സംഘം ക്ലിപ്തം, 19-11-1996-ൽ രജിസ്റ്റർ ചെയ്യുകയും 26-12-1996-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത സംഘത്തിന്റെ പ്രവർത്തനപരിധി തൃക്കരിപ്പൂർ, വലിയപറമ്പ പഞ്ചായത്തുകൾ മുഴുവനുമാണ്. മേൽപ്പറഞ്ഞ സംഘത്തിന്റെ ഭരണസമിതിയുടെ കാലാവധി 2001-ൽ അവസാനിച്ചതാണ്. തുടർന്നുള്ള കാലയളവിൽ സംഘത്തിൽ ഭരണസമിതിയോ അഡ്മിനിസ്ട്രേറ്റ് കമ്മിറ്റിയോ ചാർജ്ജെടുത്തിരുന്നില്ല.

സംഘം നിലവിൽ പ്രവർത്തനരഹിതമാണെന്നും, സംഘത്തിന്റെ നെയിം ബോർഡ്, രജിസ്റ്റർ നമ്പർ, മേൽവിലാസം എന്നിവ കേരള സഹകരണ നിയമം വകുപ്പ് 9(A) പ്രകാരം പ്രദർശിപ്പിക്കാതിരിക്കുക, വകുപ്പ് 28, ചട്ടം 35 A പ്രകാരം ഭരണസമിതി തെരെഞ്ഞെടുപ്പ് നടത്താതിരിക്കുക, വകുപ്പ് 63, 64 പ്രകാരം ഓഡിറ്റ് നടത്തുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്താതിരിക്കുക, ചട്ടം 29 പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കാതിരിക്കുക തുടങ്ങിയ ഗുരുതരമായി പോരായ്മകൾ സംഘത്തിൽ നിലനിൽക്കുന്നതായും സംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിലില്ല എന്നും സൂചന (1) അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിൽ ഇല്ലാത്തതിനാൽ കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് സൂചന (3) കത്ത് പ്രകാരം സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഹോസ്ദുർഗ്ഗ് ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സംഘം പ്രവർത്തനം തുടർന്ന് കൊണ്ടുപോകുന്നതിനുള്ള സാധ്യതയില്ലായെന്ന് ബോധ്യമാകയാൽ 1969-ലെ കേരള സഹകരണ നിയമം 71 (1) വകുപ്പ് അനുസരിച്ച് സംഘം സമാപ്തീകരിക്കാതിരിക്കുവാൻ വല്ല കാരണവും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് 7 ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കണമെന്നും അല്ലാത്തപക്ഷം മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്നും കാണിച്ചുകൊണ്ട് സൂചന (2) പ്രകാരം സംഘത്തിന്റെ അവസാന ഭരണസമിതി അംഗങ്ങൾക്ക് നോട്ടീസ് നൽകിയിരുന്നു. ഇക്കാര്യത്തിൽ അഭിപ്രായം അറിയിക്കണമെന്ന് കാണിച്ചുകൊണ്ട് കേരള സംസ്ഥാന സഹകരണ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ ഹോസ്ദുർഗ്ഗ് എന്നിവർക്കും നോട്ടീസ് നൽകിയിരുന്നു. എന്നാൽ നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും ആരുംതന്നെ യാതൊരു ആക്ഷേപമോ, അഭിപ്രായമോ അറിയിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 1969-ലെ കേരള സഹകരണ നിയമം 71 വകുപ്പ് അനുസരിച്ച് എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

1. നമ്പർ എസ്. 245 തൃക്കരിപ്പൂർ വനിത സഹകരണ സംഘം ക്ലിപ്തം കേരള സഹകരണ നിയമം 71(1)-ാം വകുപ്പ് പ്രകാരം ഹോസ്ദുർഗ്ഗ് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ കാഞ്ഞങ്ങാട് യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

2. ലിക്വിഡേറ്റർ 72(2) വകുപ്പ് പ്രകാരം സംഘത്തിന്റെ എല്ലാ റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ്ജ് ഉടനെ ഏറ്റെടുക്കേണ്ടതും, സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(2)

നമ്പർ ഒ. 809/2025. 2026 ജനുവരി 15.

വിഷയം:—നമ്പർ എസ്. 496 പിലിക്കോട് ലേബർ കോൺട്രാക്ട് സഹകരണസംഘം ക്ലിപ്തം—സമാപ്തീകരണം—ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) കേരള സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം നിയമിതനായ അന്വേഷണ ഉദ്യോഗസ്ഥനായ ഹോസ്ദുർഗ്ഗ് സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ തൃക്കരിപ്പൂർ യൂണിറ്റ് ഇൻസ്പെക്ടറുടെ 15-4-2024-ലെ ARHSD/101/2024/UI-1 നമ്പർ അന്വേഷണ റിപ്പോർട്ട്.

(2) ഈ ഓഫീസിലെ 16-6-2025-ലെ ഇതേ നമ്പർ നോട്ടീസ്.

(3) സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), ഹോസ്ദുർഗ്ഗിന്റെ 20-4-2024-ലെ ARHSD/101/2024/UI-1 നമ്പർ കത്ത്.

നമ്പർ എസ്. 496 പിലിക്കോട് ലേബർ കോൺട്രാക്ട് സഹകരണസംഘം ക്ലിപ്തം, 30-5-2013-ൽ രജിസ്റ്റർ ചെയ്യുകയും 16-6-2013-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത സംഘം നിലവിൽ പ്രവർത്തനരഹിതമാണ്. മേപ്പടി സംഘത്തിന്റെ ഭരണസമിതിയുടെ കാലാവധി 14-1-2020-ൽ അവസാനിച്ചതാണ്. തുടർന്നുള്ള കാലയളവിൽ സംഘത്തിൽ ഭരണസമിതിയോ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ ചാർജ്ജെടുത്തിരുന്നില്ല.

സംഘം നിലവിൽ പ്രവർത്തനരഹിതമാണെന്നും, സംഘത്തിന്റെ നെയിം ബോർഡ്, രജിസ്റ്റർ നമ്പർ, മേൽവിലാസം എന്നിവ കേരള സഹകരണ നിയമം വകുപ്പ് 9(A) പ്രകാരം പ്രദർശിപ്പിക്കാതിരിക്കുക, വകുപ്പ് 28, ചട്ടം 35 A പ്രകാരം ഭരണസമിതി തെരെഞ്ഞെടുപ്പ് നടത്താതിരിക്കുക, വകുപ്പ് 63, 64 പ്രകാരം ഓഡിറ്റ് നടത്തുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്താതിരിക്കുക, ചട്ടം 29 പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കാതിരിക്കുക തുടങ്ങിയ ഗുരുതരമായി പോരായ്മകൾ സംഘത്തിൽ നിലനിൽക്കുന്നതായും സംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിലില്ല എന്നും സൂചന (1) അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിൽ ഇല്ലാത്തതിനാൽ കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് സൂചന (3) കത്ത് പ്രകാരം സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഹോസ്ദുർഗ്ഗ് ശുപാർശ ചെയ്തിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മേൽ സാഹചര്യത്തിൽ സംഘം പ്രവർത്തനം തുടർന്ന് കൊണ്ടുപോകുന്നതിനുള്ള സാധ്യതയില്ലായെന്ന് ബോധ്യമാകയാൽ 1969-ലെ കേരള സഹകരണ നിയമം 71 (1) വകുപ്പ് അനുസരിച്ച് സംഘം സമാപ്തീകരിക്കാതിരിക്കുവാൻ വല്ല കാരണവും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് 7 ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കണമെന്നും അല്ലാത്തപക്ഷം മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്നും കാണിച്ചുകൊണ്ട് സൂചന (2) പ്രകാരം സംഘത്തിന്റെ അവസാന ഭരണസമിതി അംഗങ്ങൾക്ക് നോട്ടീസ് നൽകിയിരുന്നു. ഇക്കാര്യത്തിൽ അഭിപ്രായം അറിയിക്കണമെന്ന് കാണിച്ചുകൊണ്ട് കേരള സംസ്ഥാന സഹകരണ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ ഹോസ്ദുർഗ്ഗ് എന്നിവർക്കും നോട്ടീസ് നൽകിയിരുന്നു. എന്നാൽ നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും ആരുംതന്നെ യാതൊരു ആക്ഷേപമോ, അഭിപ്രായമോ അറിയിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 1969-ലെ കേരള സഹകരണ നിയമം 71 വകുപ്പ് അനുസരിച്ച് എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

1. നമ്പർ എസ്. 496 പിലിക്കോട് ലേബർ കോൺട്രാക്ട് സഹകരണസംഘം ക്ലിപ്തം കേരള സഹകരണ നിയമം 71(1)-ാം വകുപ്പ് പ്രകാരം ഹോസ്ദുർഗ്ഗ് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ ഉദുമ യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.
2. ലിക്വിഡേറ്റർ 72(2) വകുപ്പ് പ്രകാരം സംഘത്തിന്റെ എല്ലാ റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ്ജ് ഉടനെ ഏറ്റെടുക്കേണ്ടതും, സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, കാസറഗോഡ്.

(ഒപ്പ്)
സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ).

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.17 03:14:20 +05:30